**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1980** **12-09-2023 - ൽ മറുപടിയ്ക്ക്**

**മട്ടന്നൂർ കാര-പെരിഞ്ചേരി-വേങ്ങലോട് കെ.എസ്.ആർ.ടി.സി. ബസ് റൂട്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. ശൈലജ ടീച്ചർ | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | മട്ടന്നൂർ മണ്ഡലത്തിലെ കാര-പെരിഞ്ചേരി-വേങ്ങലോട് പ്രദേശങ്ങളിൽ കെ.എസ്.ആർ.ടി.സി. ബസ് റൂട്ട് അനുവദിക്കുന്നതിനായി അപേക്ഷ ലഭിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ പ്രസ്തുത അപേക്ഷ പരിഗണിച്ച് ബസ് റൂട്ട് അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; | (ബി) | പ്രസ്തുത റൂട്ടിൽ സർവ്വീസ് നടത്തുന്നതിന്റെ സാദ്ധ്യത പരിശോധിച്ചതിൽ പ്രവർത്തന ചെലവിനുപോലും വരുമാനം ലഭ്യമാകാത്ത സാഹചര്യമാണ് നിലവിലുള്ളത്.<br>തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണം ലഭിച്ചാൽ ടി റൂട്ടിൽ ഗ്രാമവണ്ടി പദ്ധതി പ്രകാരം സർവ്വീസ് ആരംഭിക്കാവുന്നതാണ്. |
| (സി) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പൊതുഗതാഗത സൗകര്യം മെച്ചപ്പെടുത്തുന്നതിന് മട്ടന്നൂർ മണ്ഡലത്തിലൂടെ പുതിയ കെ.എസ്.ആർ.ടി.സി. റൂട്ടുകൾ അനുവദിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ? | (സി) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പൊതുഗതാഗത സൗകര്യം മെച്ചപ്പെടുത്തുന്നതിനായി ആറളം ഗ്രാമപഞ്ചായത്തുമായി സഹകരിച്ച് ഗ്രാമവണ്ടി പദ്ധതി പ്രകാരം സർവ്വീസ് ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ